പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8072 — 17.07.2014-ൽ മറുപടിക്ക്

## 'ഏജ് ' പദ്ധതിപ്രകാരം ജെറിയാട്രിക് ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) 'ഏജ് ' (അസിസ്റ്റൻസ് ഫോർ ജെറിയാട്രിക് എമർജൻസീസ്) എന്ന പദ്ധതിയിൻകീഴിൽ ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) 'ഏജ് ' (അസിസ്റ്റൻസ് ഫോർ ജെറിയാട്രിക് എമർജൻസീസ്) എന്ന പദ്ധതി ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്നുവെങ്കിലും അതിനായി പ്രത്യേക ഫണ്ട് നീക്കിയിരുപ്പ് നടത്തിയിട്ടില്ലായിരുന്നു. ആരോഗ്യ വകുപ്പിന്റെ 'എൽഡേർലി കെയർ' പദ്ധതി വഴി ഇതിനോടകം മിക്ക ജില്ലകളിലെയും പ്രധാന സർക്കാർ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നു. പുതിയ പദ്ധതിയായ ഏജ് നടപ്പിലാക്കുന്നതിലേയ്ക്കായി നിലവിലെ പദ്ധതികളുടെ പോരായ്മകൾ മനസ്സിലാക്കുന്നതിനും ഇത് നിലവിൽ ഇല്ലാത്ത ജില്ലാ ആശുപത്രികളിൽ സജ്ജീകരിക്കേണ്ട സംവിധാനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനും ഗ്യാപ് അനാലിസിസ് നടത്തുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിൽ അന്തേവാസികൾ മരിക്കുവാനിടയായ സാഹചര്യം മുൻനിർത്തി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) എല്ലാ ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും വൃദ്ധജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. ജെറിയാട്രിക് ക്ലിനിക്കുകൾ, ജെറിയാട്രിക് വാർഡുകൾ, എൽഡേർലി ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (സി) പ്രസ്തുത പ്രഖ്യാപിത ക്ലിനിക്കുകളിൽ ഏതെങ്കിലും ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ? | (സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ (നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലി) പ്രകാരം പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ വിപുലമായ സൗകര്യങ്ങളോടുകൂടിയ ജെറിയാട്രിക് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഈ പദ്ധതി നിലവിലുള്ള മറ്റ് ജില്ലകളായ ഇടുക്കിയിലും, കോഴിക്കോട്ടും ഫിസിയോതെറാപ്പി സൗകര്യം ഉൾപ്പെടുന്ന ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്. |

സെക്ഷൻ ഓഫീസർ